# മർക്കോ 6:1- 6

ജനുവരി 29: ദനഹായക്കുശേഷം 4-ാം ഞായർ

## ഭാഷ്യം

### I. സന്ദർഭം

ദൈവം അയച്ച നസ്രത്തിലെ യേശുവിന്റെ (1:1-13) വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ദൈവത്തിന്റെ ഭരണം സമാഗതമാകുന്നു (1:14-3:6). ദൈവഭരണത്തിന്റെ രഹസ്യം (4:10-12) സ്വന്തം ശിഷ്യർക്ക് യേശു വെളിപ്പെടുത്തിക്കൊടുക്കുന്നതാണ് അടുത്ത ഘട്ടത്തിലെ പ്രമേയം (3:7-8:26). അത്ഭുതങ്ങളിലൂടെയും ഉപമാ വിശദീകരണങ്ങളിലൂടെയുമാണ് യേശു ഇത് സാധിച്ചത്. ഇതിനിടയിൽ യേശു സ്വന്തം നാട്ടിൽ തിരിച്ചെത്തുന്നതാണ് ഇന്നത്തെ സുവിശേഷഭാഗം.

### II. പ്രമേയം

യേശുവിന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ദൈവഭരണം (ദൈവരാജ്യം) സമാഗതമാകുന്നു. തുടർന്ന് വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ദൈവഭരണത്തിന്റെ രഹസ്യം അവൻ വെളിപ്പെടുത്തിക്കൊടുക്കുന്നു. ഉപമകളിലൂടെയും (4:11-12, 34) അത്ഭുതങ്ങളിലൂടെയും (4:35-41; 5:1-43) വെളിവാക്ക പ്പെടുന്നത് ഈ രഹസ്യമാണ്. എന്നാൽ ഇത് ദൈവരാജ്യത്തെക്കുറിച്ചുള്ള രഹസ്യമെന്നതിലുപരി യേശുവിനെക്കുറിച്ചുള്ള രഹസ്യമാണ്. യേശു ആരാണെന്നാണ് വെളിവാക്കപ്പെടുന്നത് (4:41; 5:7,34,43). തുടർന്ന് സ്വന്തം നാട്ടിൽ യേശു തിരിച്ചെത്തുമ്പോൾ നാട്ടുകാർ അത്ഭുതപ്പെടുന്നത് യേശു ആരാണെന്നാണ് (6:1-6).

### III. സന്ദേശം

1. യേശു സ്വദേശത്തു വരുമ്പോഴും ശിഷ്യന്മാർ അവനെ അനുഗമിച്ചു എന്നാണ് സുവിശേഷകൻ പറയുന്നത് (6:1). അനുഗമിക്കാൻ വിളിക്കപ്പെട്ടതിനുശേഷമുള്ള ശിഷ്യരുടെ തുടർച്ചയായ പ്രവൃത്തിയാണിത്- എവിടെപ്പോയാലും അവർ യേശുവിനെ അനുഗമിക്കുന്നു. ക്രിസ്തുശിഷ്യന്റെ അടിസ്ഥാനധർമമാണിത്- എവിടെയായിരുന്നാലും ക്രിസ്തുവിനെ അനുഗമിക്കുക. നിന്റെ ജീവിതത്തിലും നീ പുലർത്തേണ്ട പ്രധാന ധർമമാണ് ക്രിസ്തുവിനെ അനുഗമിക്കുക എന്നത്. ക്രിസ്തുവിന്റെ പിന്നാലെ നടക്കുന്നവനും, അവന്റെ കൂടെയാണെന്ന് ഉറപ്പുവരുത്തുന്നവനുമാണ് യഥാർത്ഥ ക്രിസ്തുശിഷ്യൻ.

2. മറ്റ് അത്ഭുതമൊന്നും ചെയ്യാൻ യേശുവിന് കഴിയാതെ പോകുന്നതിന് കാരണം അവരുടെ വിശ്വാസരാഹിത്യമാണ് (6:5-6). ക്രിസ്തുവിന്റെ അത്ഭുത

ങ്ങൾ നടക്കാത്തതിനുകാരണം വിശ്വാസക്കുറവാണ്. നിന്റെ ജീവിതത്തിലും തമ്പുരാൻ അത്ഭുതം പ്രവർത്തിക്കണമെങ്കിൽ ആവശ്യമായിരിക്കുന്നത് നിന്റെ വിശ്വാസമാണ്. അതിനാൽ ക്രിസ്തുവിലുള്ള നിന്റെ വിശ്വാസത്തെ നീ ആഴപ്പെടുത്തുക; വളർത്തിയെടുക്കുക. അപ്പോൾ സംഭവിക്കുന്നത് നിനക്ക് കാണാനാവും.

3. അത്ഭുതങ്ങൾ കുറഞ്ഞപ്പോഴും യേശു തന്റെ പ്രഘോഷണം നിർത്തുന്നില്ല; അത് തുടരുന്നു (6:6). ഇത് ശ്രദ്ധിക്കേണ്ട കാര്യമാണ്. അത്ഭുതങ്ങളെക്കാൾ പ്രധാനപ്പെട്ടതാണ് ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കുകയെന്നത്. അത് വാക്കിലൂടെയാകാം, ജീവിതത്തിലൂടെയാകാം. അതിനാൽ സുവിശേഷം പ്രഘോഷിക്കുകയെന്ന നിന്റെ ഒന്നാമത്തെ ധർമം നീ മുടക്കാതിരിക്കുക.

**ഡോ. ജേക്കബ് നാലുപറയിൽ**

# പ്രസംഗം

## ഹൃദയം ലളിതമാക്കുക വിശ്വസിക്കുക

മനുഷ്യന്റെ വളർച്ചയും പുരോഗതിയും അളക്കാൻ എപ്പോഴാണ് സാധിക്കുന്നത്?

കാര്യങ്ങൾ ലളിതമാകുമ്പോഴാണോ? അതോ എല്ലാം കലുഷിതവും സങ്കീർണവും ആകുമ്പോഴാണോ? ഏറ്റവും സങ്കീർണ്ണമായ സംവിധാനങ്ങൾപോലും മനുഷ്യനെ ലളിതമനസ്കനാക്കാനാണ് സഹായിക്കേണ്ടത്.

ഈ ലാളിത്യമാണ് യഥാർത്ഥ ലക്ഷ്യം. മനസുതുറന്ന് സന്തോഷിക്കാനും ഉള്ളു തുറന്ന് ചിരിക്കാനും

ആകുലത അവസാനിപ്പിക്കാനും എല്ലാം ലളിതമായ ചിന്തകളും ലളിതമായ വിശകലനങ്ങളും വേണം. ശക്തമായ വ്യക്തിജീവിതത്തിന് ലളിതമായ വിശ്വാസം വേണം. നിർഭാഗ്യവശാൽ ഇന്ന് വിശ്വാസംപോലും വളരെ സങ്കീർണ്ണമാവുകയാണ്. ഇങ്ങനെ ചിന്തിച്ചും ആലോചിച്ചും വിശ്വസിക്കാൻ കഴിയാതെ പോയവരെ ഈശോ ശാസിക്കുന്നു.

'ഈശോയെ കണ്ടു' എന്ന് പറഞ്ഞുകേട്ട ഉടനെ വിശ്വസിച്ച് തുള്ളിച്ചാടാൻ സാധിച്ചിരുന്നെങ്കിൽ എത്ര ആനന്ദവും സന്തോഷവും അവർക്ക് ഉണ്ടായേനെ. നേരിട്ട് കാണാൻ പോവുകയോ, കാത്തിരിക്കുകയോ ചെയ്യേണ്ടതിന്റെ ആകുലതയും കാലതാമസവും പോലും ആവശ്യമില്ലായിരുന്നു. ലളിത വിശ്വാസത്തെ പലപ്പോഴും ഇല്ലാതാക്കുന്നത് നമ്മുടെ യുക്തി വിചാരങ്ങളാണ്. ഒരു പുതിയ സ്ഥലമോ, നദിയോ, ടൂറിസ്റ്റ് സ്ഥലമോ, ഒരു ആർട്ട് വർക്കോ ആരെങ്കിലും കാണിച്ചു തരുമ്പോൾ "ഇതിലും എത്രയോ നല്ലതാണ് കഴിഞ്ഞ പ്രാവശ്യം കണ്ട സ്ഥലം!" എന്നാണ് നാം പറയുന്നത്.

നല്ല രുചിയുള്ള ഒരു കറിയുണ്ടാക്കി, നന്നായി വിളമ്പിക്കഴിയുമ്പോൾ.

Date of Publication: 13 December 2016 / Rs. 25/ Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2015-17, KL/CR/EKM/WPP 08/2015-2017(Total Pges 104)

"ഉം ഇതിന്റെ യഥാർത്ഥ ടേസ്റ്റ് അങ്ങുവന്നിട്ടില്ല " - എന്നാവും നാം പറയുക.

ഉള്ളതിൽ ആനന്ദിക്കുകയും മനസ്സ് നിറഞ്ഞ് തുള്ളിച്ചാടുകയും ചെയ്യുമാറ് ചിരിക്കുന്നതാണ് ആരോഗ്യത്തിന് നല്ലത്.

ഒരു വിനോദസഞ്ചാരസ്ഥലവും മറ്റൊന്നിനോട് താരതമ്യം ചെയ്ത് വിശകലനം നടത്താനല്ലോ നിങ്ങൾ പോയത്. മനസിന് ആനന്ദം ലഭിക്കാനും ഒരുമിച്ച് സന്തോഷിക്കാനുമുള്ള വഴികളെ മനഃപൂർവ്വമെന്നപോലെ കൊന്നൊടുക്കരുത്. അതൊരു ബലഹീനതയാണ്. കുടുംബത്തിലെ ആനന്ദം തല്ലിക്കെടുത്താൻ അനാവശ്യസമയത്ത് ഉപദേശം പറയുന്നവരും, അനാവശ്യ സമയത്ത് ഗൗരവം ചമയുന്നവരും ഉണ്ട്.

ഒരിക്കൽ ഒരു പാപ്പാൻ തന്റെ ആനയേയുംകൊണ്ട് വഴിയോരത്തുകൂടെ നടന്നുപോവുകയാണ്. ഇറക്കം ഇറങ്ങിവന്ന ഒരു സൈക്കിളുകാരൻ പയ്യൻ നേരെ വന്ന് ഈ ആനയുടെ പുറകിൽ ഇടിച്ചു നിലത്തുവീണു. പേടിച്ച് അവൻ തട്ടിക്കുടഞ്ഞെഴുന്നേറ്റു. ആനയും ദേഷ്യത്തിലാണ്. പാപ്പാൻ ദേഷ്യപ്പെട്ട് ചോദിച്ചു- "എവിടെ നോക്കിയാടാ സൈക്കിൾ ഓടിക്കുന്നത്?" അവൻ വിറച്ചുകൊണ്ട് നിൽക്കുകയാ. വീണ്ടും ചോദിച്ചു- "എന്താടാ, നിനക്ക് മിണ്ടാട്ടം മുട്ടിയോ?" അവന്റെ ദയനീയമായ മറുപടി- "ആനയെ കണ്ടില്ല ചേട്ടാ." ഇപ്രാവശ്യം മിണ്ടാട്ടം മുട്ടിയത് പാപ്പാനാണ്! അയാൾ ഇത്രയും ചോദിച്ചു: "ആനയെകൊണ്ടുവന്ന് നിർത്തിയിട്ട് കണ്ടില്ലെങ്കിൽ ഇതിലും വലുത് ഞാൻ എന്താടാ കൊണ്ടുനടക്കേണ്ടത്?"

ഈശോയുടെ ഉയിർപ്പ് കണ്ടിട്ടും വിശ്വസിക്കുന്നില്ലെങ്കിൽ, ഇനി എന്താണ് നമുക്ക് വിശ്വസിക്കാൻ ലഭിക്കുക? ലളിതമായ കാര്യങ്ങളിലും വിശ്വസിക്കാൻ ആവുന്നതാണ് ശരിയായ വിശ്വാസം.

നിഷ്ക്കളങ്കമായി വിശ്വസിക്കുക, വീണ്ടുവിചാരമില്ലാതെ വിശ്വസിക്കുക.

അയത്ന ലളിതമായി ജീവിക്കാനുള്ള ആദ്യപടിയാണ് ഇത്. സരളവും ലളിതവുമായ ജീവിതം നമുക്ക് തന്നെ ചുമക്കാൻ എളുപ്പമുള്ളതും ഭാരം കുറഞ്ഞതുമാകും.

"വെറുതെ വിശ്വസിച്ചേക്ക്, അതുമതി" എന്ന് പറുമ്പോൾ. "അതെങ്ങനെ ശരിയാകും? വല്ല അബദ്ധവും പറ്റിയാലോ?" എന്ന വീണ്ടുവിചാരം തന്നെയാണ് നമ്മുടെ ശത്രു.

വിശ്വസിച്ചതിന്റെ പേരിൽ ആർക്കും നഷ്ടം വന്നിട്ടില്ല. വിശ്വാസക്കുറവിനാലാണ് ആകുലതയും ഭാരവും കൂടി വരുന്നത്.

**ഫാ. സജി കളപ്പുരയ്ക്കൽ എംസിബിഎസ്**

*Printed, Published, Edited by Fr. Jacob Naluparayil, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi - 18*